**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2472** **13-09-2023 - ൽ മറുപടിയ്ക്ക്**

**ഐ.ബി.പി.എം.എസ്. പോലുള്ള ഓൺലൈൻ സംവിധാനങ്ങൾ ഉപയോഗിച്ച് കെട്ടിട പ്ലാൻ സമർപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കെട്ടിടനിർമ്മാണ പ്ലാൻ ഓൺലൈനായി സമർപ്പിക്കാനുള്ള ഇന്റലിജന്റ് ബിൽഡിംഗ് പ്ലാൻ മാനേജ്മെന്റ് സിസ്റ്റം (ഐ.ബി.പി.എം.എസ്.) എന്നു മുതലാണ് നടപ്പാക്കിയത്; പ്രസ്തുത സംവിധാനം നഗരസഭകളിൽ മാത്രമായി നടപ്പാക്കാൻ കാരണം എന്താണ്; ഇതിന്റെ പരിപാലനം പുറത്തുള്ള ഏതെങ്കിലും ഏജൻസിയെയോ കമ്പനിയെയോ ആണോ ഏൽപ്പിച്ചിരിക്കുന്നത്; | (എ) | 13/09/2021 മുതലാണ് ഐ .ബി .പി .എം എസ് നടപ്പിലാക്കിയത്. നിക്ഷേപ വ്യവസായ സേവന മേഖലകളിൽ സൗഹാർദ്ദ പരമായ പരിതസ്ഥിതി സൃഷ്ടിക്കുന്നതിനായി സർക്കാർ നടപ്പിലാക്കിയ ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിന്റെ ഭാഗമായി സംസ്ഥാനത്തെ നഗര തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കെട്ടിട നിർമ്മാണ അപേക്ഷകൾ സുതാര്യമായും അതിവേഗത്തിലും തീർപ്പാക്കുന്നതിനു വേണ്ടിയാണ് ഐ.ബി.പി.എം.എസ് സോഫ്റ്റ് വെയർ സംവിധാനം നഗര സഭകളിൽ നടപ്പിലാക്കിയത് . പ്രസ്തുത സോഫ്റ്റ് വെയർ സംവിധാനത്തിന്റെ ഡെവലപ്മെന്റും പരിപാലനവും ടെൻഡർ നടപടികളിലൂടെ M/S Dev Information Technology Ltd Ahemmedabad എന്ന കമ്പനിയെ ചുമതലപ്പെടുത്തുകയും പ്രസ്തുത കമ്പനി സോഫ്റ്റ് വെയർ ഡെവലപ്പ് ചെയ്തു പരിപാലിച്ചു വരികയും ചെയ്യുന്നു . |
| (ബി) | എങ്കിൽ ഏജൻസിയെ തെരഞ്ഞെടുത്ത മാനദണ്ഡം എന്താണ്; ഈ ഏജൻസിക്കു മുൻപ് മറ്റൊരു ഏജൻസിയെ നിയോഗിച്ച് ഇത്തരം ഓൺലൈൻ സംവിധാനം പ്രവർത്തിപ്പിച്ചിരുന്നോ; പ്രസ്തുത കമ്പനിയെ കരിമ്പട്ടികയിൽപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ച് ടെണ്ടർ നടപടികളിലൂടെയാണ് ഏജൻസിയെ തെരഞ്ഞെടുത്തത്. ഈ ഏജൻസിയെ ചുമതലപ്പെടുത്തുന്നതിനു മുൻപ് ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത 'സങ്കേതം' സോഫ്റ്റ് വെയർ മുഖേനയാണ് കെട്ടിട നിർമാണ അപേക്ഷകൾ കൈകാര്യം ചെയ്തിരുന്നത്. പ്രസ്തുത കമ്പനിയെ കരിമ്പട്ടികയിൽപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഐ.ബി.പി.എം.എസ്. വഴി കെട്ടിട പ്ലാൻ സമർപ്പിക്കുമ്പോൾ ഫീസ് ഓൺലൈനായാണോ അടയ്ക്കേണ്ടത്; ഇത്തരത്തിലുള്ള ഫീസ് ഏത് അക്കൗണ്ടിലേക്കാണ് പോകുന്നത്; പ്രസ്തുത അക്കൗണ്ട് ആരുടെ പേരിലുള്ളതാണ്; | (സി) | ഐ.ബി.പി.എം.എസ് വഴി കെട്ടിട പ്ലാൻ സമർപ്പിക്കുമ്പോൾ ഫീസ് ഓൺലൈനായിട്ടാണ് അടയ്ക്കേണ്ടത്. അതാതു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് പോകുന്നത് . |

| | | | |
|---|---|---|---|
| (ഡി) | ഇത്തരത്തിൽ ഓൺലൈനായി പ്ലാൻ സമർപ്പിക്കുമ്പോൾ നഗരസഭകൾക്ക് ഈ തുക കൈമാറുന്നത് എങ്ങനെയാണ്; പ്രസ്തുത തുക എത്ര ദിവസം കഴിഞ്ഞാണ് നഗരസഭകൾക്ക ലഭിക്കുന്നത്; | (ഡി) | ഫീസ് നഗരസഭകളുടെ അക്കൗണ്ടിലേക്ക് നേരിട്ട് പോകുന്ന തരത്തിലാണ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. |
| (ഇ) | നിലവിലെ സംവിധാനം ഒഴിവാക്കി പുതിയ സോഫ്റ്റ്‌വെയർ തയാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം സവിശേഷതകളാണ് ഉണ്ടാവുക; തയ്യാറാക്കാൻ ആരെയാണ് ചുമതലപ്പെടുത്തുക; വിശദമാക്കുമോ; | (ഇ) | പുതിയ സോഫ്റ്റ്‌വെയർ തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്ന തരത്തിൽ ഉണഭോക്തൃ സൗഹൃദമായ രീതിയിൽ തയ്യാറാക്കുന്നതിനാണ് ശ്രമിച്ച് വരുന്നത്. സോഫ്റ്റ് വെയർ തയ്യാറാക്കാൻ ഇൻഫർമേഷൻ കേരള മിഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ളിലെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും പൗരന്മാർക്കുള്ള സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും ഐ കെ എം തയ്യാറാക്കിവരുന്ന സോഫ്റ്റ് വെയർ ആണ് കെ സ്മാർട്ട്. എല്ലാ മോഡ്യൂളുകളും ഒരൊറ്റ പ്ലാറ്റ്ഫോമിൽ ഇന്റഗ്രേറ്റ് ചെയ്താണ് ഡിസൈൻ ചെയ്തിരിക്കുന്നത്. കെ സ്മാർട്ട് ആപ്ലിക്കേഷനിൽ Building Regulation മോഡ്യൂളിലൂടെ കെട്ടിട നിർമാണ അനുമതി ഒക്യുപൻസി, ഓൺലൈൻ പേയ്മെന്റ് എന്നീ സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണ് . |
| (എഫ്) | കെട്ടിടത്തിന് പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകുമ്പോൾ അതേ വിവരങ്ങൾ റവന്യൂ, തൊഴിൽ, രജിസ്ട്രേഷൻ വകുപ്പുകളുമായി പങ്കുവയ്ക്കാൻ നിലവിൽ ഓൺലൈൻ സംവിധാനം ഉണ്ടോ; ഇല്ലെങ്കിൽ ഇത്തരം സംവിധാനത്തെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; ആയതിന്റെ നടപടികൾ എവിടെ വരെയായി; വ്യക്തമാക്കുമോ; | (എഫ്) | കെട്ടിടത്തിന് പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകുമ്പോൾ അതേ വിവരങ്ങൾ റവന്യൂ, തൊഴിൽ, രജിസ്ട്രേഷൻ വകുപ്പുകളുമായി പങ്കുവയ്ക്കാൻ ഓൺലൈൻ സംവിധാനം ഇപ്പോൾ നിലവിലില്ല. പുതിയ സോഫ്റ്റ് വെയർ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള സാദ്ധ്യത പരിശോധിക്കാവുന്നതാണ് . |
| (ജി) | ഐ.ബി.പി.എം.എസ്.-ന്റെ പ്രവർത്തനം സംബന്ധിച്ച് ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ? | (ജി) | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് പരിശോധനയിൽ ഐ.ബി.പി.എം.എസ്.- ന്റെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്. Internal Vigilance Wing ഉം ഐ.ബി.പി.എം.എസ്.- ന്റെ പ്രവർത്തനം പരിശോധനാ വിധേയമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ